# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2532 08.05.2017 ലെ മറുപടി**

## നദി സംരക്ഷണ അതോറിറ്റി രൂപീകരിക്കുന്ന കാര്യത്തിൽ ധാരണ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി<br>'' പി.കെ.ബഷീർ<br>ഡോ.എം.കെ.മുനീർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നദികളുടെ പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒരു നദി സംരക്ഷണ അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(ബി) എങ്കിൽ അതിന്റെ ഘടനയും ഉത്തരവാദിത്വവും സംബന്ധിച്ച് ധാരണ യായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ)& (ബി)<br><br>സംസ്ഥാനത്ത് നദികളുടെ പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒരു സംസ്ഥാന നദീതണ്ണീർത്തട അതോറിറ്റിയും അതിനു കീഴിൽ നദീതട ബോർഡുകളും രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ബിൽ (കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ബിൽ 2013) 13-ാം കേരള നിയമസഭയുടെ പരിഗണനയിലുണ്ടാ യിരുന്നെങ്കിലും പ്രസ്തുത ബില്ലിന് നിയമസഭയുടെ അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി പ്രസ്തുത ബിൽ വീണ്ടും നിയമസഭയിൽ അവതരിപ്പി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2013 ലെ കേരള ജലസേചനവും ജല സംരക്ഷണവും (ഭേദഗതി) ബിൽ വ്യവസ്ഥ ചെയ്തിരുന്നത് "സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റിയും അതിനു കീഴിൽ", "നദീതട ബോർഡുകൾ" , "തണ്ണീർത്തട വികസന ബോർഡുകൾ" എന്നിവ രൂപീകരിക്കാനാണ്. |
| (സി) സംസ്ഥാനത്തെ എല്ലാ ശുദ്ധജല സ്രോതസ്സുകളുടെയും ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ഉറപ്പുവരുത്തുന്നതിനും പര്യാപ്തമായ വിധത്തി ലുള്ള സംവിധാനം ഏർപ്പെടുത്തുമോ? | (സി) സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റിയുടെ രൂപീകരണമുണ്ടായാൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നദികളുടെ സംരക്ഷണ ത്തിനായി നദീതട മാസ്റ്റർ പ്ലാനുകൾ രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് സാധിക്കും. കൂടാതെ ബില്ലിന്റെ കീഴിൽ തണ്ണീർത്തട വികസന ബോർഡുകൾ രൂപീകൃതമായാൽ മറ്റു ശുദ്ധജലസ്രോത സ്സുകളുടെയും ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാധിക്കു ന്നതാണ്. |

**സെക്ഷൻ ഓഫീസർ**